കിട്ടുകയില്ലെന്നുള്ള കാര്യം മനസ്സിലാക്കണം. വെറുതെ രാഷ്ട്രീയം പറഞ്ഞ് തലപുകഞ്ഞ് ആലോചിക്കേണ്ട എന്നുമാത്രമേ ഞാൻ അതിനെപ്പറ്റി പറയുന്നുള്ളൂ. 400 കോടി രൂപ പുനർവായ്പ കിട്ടിയിട്ടുണ്ട്. അത് കൊടുത്തുതീർക്കാൻ സംഘങ്ങളോട് പറയണം. അതുപോലെ സംസ്ഥാന ബാങ്ക് 75 കോടിയോളം രൂപ പുനർ വായ്പയ്ക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. കാർഷിക വായ്പ 8.5 ശതമാനത്തിന് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിർദ്ദേശം. പുനർ വായ്പ കൊടുക്കാൻ 8.5 ശതമാനത്തിന് റീഫൈനാൻസ് ചെയ്യുന്നുണ്ട്. പ്രൈമറി ബാങ്കിന് ഒരു ശതമാനം മാർജിനുണ്ട്. ആ മാർജിനില്ലാതെ സ്റ്റേറ്റ് ബാങ്കുകളും ഡിസ്ട്രിക്ട് ബാങ്കുകളും കൊടുക്കണമെന്നാണ് പറഞ്ഞത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കാർഷിക സർവ്വീസ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം അവർ കൊടുക്കുന്ന ഡെപ്പോസിറ്റുകളുടെ പലിശ ജില്ലാ ബാങ്കുകളിൽ നിന്നും കിട്ടുകയില്ല എന്നതാണ്. അത് ഗൗരവതരമായ ഒരു പ്രശ്നമാണ്. അതിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സെൻട്രൽ ബാങ്കിന്റെ കോൺഫറൻസ് വിളിച്ചുചേർത്ത് പ്രൈമറി ബാങ്കുകൾ കൊടുക്കുന്ന പലിശതന്നെ ജില്ലാ ബാങ്കുകൾ കൊടുക്കണമെന്നുള്ള തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. എത്രയോ കാലമായി പ്രൈമറി ബാങ്കുകൾക്ക് കിട്ടുന്ന പലിശ അവർക്ക് കിട്ടുന്നില്ല. മറ്റുള്ളവർക്ക് ലാഭം കൂടും, ഇവർക്ക് കുറയും. ആ ലാഭം കിട്ടുന്നത് പ്രൈമറി ബാങ്കുകളെ ഒരു തരത്തിൽ ചൂഷണം ചെയ്യുകയാണ്. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറയുകയാണെങ്കിൽ അവർ 53 ലക്ഷം രൂപയുടെ ഷെയർ എടുത്തിട്ടുണ്ട്. അത് എപ്പോൾ വേണമെങ്കിലും തിരിച്ചു കൊടുക്കാമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

(2) ചമ്പക്കുളം നദിയുടെ പടിഞ്ഞാറേക്കരയിൽ സ്ഥിരം പവലിയനും ഗ്യാലറിയും നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. ഡി. സുഗതൻ: സർ, പ്രശസ്തമായ ചമ്പക്കുളം വള്ളംകളി പമ്പയാറിൽ ചമ്പക്കുളം ഭാഗത്ത് നെടുമുടി പഞ്ചായത്തിലെ എന്റെ നിയോജകമണ്ഡലത്തിൽ വച്ചാണ് നടക്കുന്നത്. ഈ വള്ളംകളി ആരംഭിച്ചിട്ട് 500 വർഷത്തിലേറെയായി. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട് 1410-ലാണ് ഇത് ആരംഭിച്ചത്. ഇന്നത്തെ അമ്പലപ്പുഴ പണ്ട് ചെമ്പകശ്ശേരിയായിരുന്നു. ദേവനാരായണൻ നമ്പൂതിരിയാണ് അന്ന് അവിടെ ഭരിച്ചിരുന്നത്. ആ കാലത്ത് വിലമംഗലം സ്വാമിയാർ ഇപ്പോൾ ക്ഷേത്രമിരിക്കുന്ന സ്ഥലത്ത് ഭഗവാന്റെ സാന്നിദ്ധ്യം കണ്ടെത്തുകയും കുറിച്ചിയിൽ നിന്ന് ഒരു ശ്രീകൃഷ്ണ വിഗ്രഹം ഇവിടെ കൊണ്ടുവരണമെന്ന് വിധിക്കുകയും ചെയ്തു. അങ്ങനെ പ്രസ്തുത വിഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly

വള്ളംകളിയുടെ അകമ്പടിയോട് കൊണ്ടുവന്ന് ചമ്പക്കുളത്തെ ഒരു ക്രൈസ്തവ തറവാട്ടിൽ വയ്ക്കുകയും; തുടർന്ന് വള്ളങ്ങളുടെ അകമ്പടിയോടെ അമ്പലപ്പുഴയിൽ എത്തിക്കുകയും ചെയ്തു. അതിന്റെ ഓർമ്മയ്ക്കായി ഇപ്പോഴും വള്ളംകളി നടന്നുവരികയാണ്. മിഥുന മാസത്തിലെ മൂലം നാളിലാണ് ഇത് നടക്കുന്നത്. അവിടെ ഒരു പവലിയൻ ഇപ്പോഴും ഇല്ല. ഈ അടുത്തകാലത്ത് വള്ളംകളി ആരംഭിച്ച സ്ഥലങ്ങളിലൊക്കെ പവലിയനുണ്ട്. കഴിഞ്ഞ തവണ ഇവിടെ വിശിഷ്ടാതിഥിയായി വന്ന അന്നത്തെ ടൂറിസം വകുപ്പുമന്ത്രി പവലിയൻ നിർമ്മാണത്തിന് പത്തു ലക്ഷം രൂപ നൽകാമെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ തുടർനടപടികളൊന്നുമായിട്ടില്ല. അതുകൊണ്ട്, ഇപ്പോഴത്തെ ടൂറിസം വകുപ്പുമന്ത്രി, അദ്ദേഹത്തിന് അത് അറിയാവുന്ന കാര്യമാണ്, ചമ്പക്കുളം വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ ഒരു പവലിയനും ഗ്യാലറിയും പണിയാനാവശ്യമായ പണം അനുവദിക്കണമെന്നും; ആലപ്പുഴ ഡി. ടി. പി. സി. യെക്കൊണ്ട് അത് പണിയിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, കേരളത്തിലെ നെഹ്റു ട്രോഫി വള്ളംകളി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തമായ ചമ്പക്കുളം മൂലംവള്ളംകളിയെ ടൂറിസം വകുപ്പ് ധനസഹായം നൽകി പ്രോൽസാഹിപ്പിക്കുന്നുണ്ട്. ഈ സഹായം വരും വർഷങ്ങളിൽ നൽകാനും ഈ ഉൽസവത്തെ ടൂറിസം വകുപ്പിന്റെ ഒരു പ്രധാനപ്പെട്ട പരിപാടിയായി പരിഗണിച്ച് പ്രോൽസാഹിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ ഈ വള്ളംകളിയെക്കുറിച്ചുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചമ്പക്കുളം മൂലംവള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ ഒരു സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിനെപ്പറ്റിയുള്ള ഒരു പദ്ധതി ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല. എന്നിരുന്നാലും ബഹുമാനപ്പെട്ട എം. എൽ. എ. യുടെ സബ്മിഷനിൽ ആവശ്യപ്പെട്ടിരിക്കുന്നതു പ്രകാരം സ്ഥിരം പവലിയന്റേയും ഗ്യാലറിയുടേയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രോജക്ട് റിപ്പോർട്ട് ലഭിച്ച ഉടൻ ഗവൺമെന്റ് ഇക്കാര്യത്തിൽ അന്തിമമായ അനുകൂല തീരുമാനമെടുക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

(3) മദ്യനയം പുനഃപരിശോധിക്കണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം: സർ, സർക്കാർ പുതുതായി പ്രഖ്യാപിച്ച മദ്യനയം കേരളത്തിന് മൊത്തം വിനാശകരമാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly